പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001
ജനുവരി 16, 2017

**ബ്രഹ്മാവർത് വാണിജ്യ സഹകരണ ബാങ്ക് (കാൺപൂർ, ഉത്തർ പ്രദേശ്) ഭാരതീയ റിസർവ്വ് ബാങ്ക് നൽകിയിരുന്ന ഡയറക്ഷന്റെ കാലാവധി ജൂലായ് 6, 2017 വരെ ദീർഘിപ്പിച്ചിരിക്കുന്നു.**

ബ്രഹ്മാവർത് വാണിജ്യ സഹകരണ ബാങ്ക് (കാൺപൂർ) ഭാരതീയ റിസർവ് ബാങ്ക് നൽകിയിരുന്ന ഡയറക്ഷന്റെ കാലാവധി ജനുവരി 7, 2017 മുതൽ ജൂലായ് 6, 2017 വരെയുള്ള ആറുമാസ കാലയളവിലേക്ക് കൂടി പുനരവലേകത്തിന് വിധേയമായി, ദീർഘിപ്പിച്ചിരിക്കുന്നു. 1949 ലോ ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A വകുപ്പ് പ്രകാരം ജൂലയ് 7, 2015 മുതൽ ബ്രഹ്മാവർത് ബാങ്ക് ഡയറക്ഷനു കീഴിലായിരുന്നു. ഈ നടപടിയുടെ കാലാവധി ഭാരതീയ റിസർവ് ബാങ്ക് ആദ്യം ജനുവരി 6, 2017 വരെ ദീർഘിപ്പിക്കുകയും പിന്നീട് ഡിസംബർ 30, 2016 ന് കാലാവധി ജൂലായ് 6, 2017വരെ ദീർഘിപ്പിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഡിസംബർ 30, 2016 ലെ ഈ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്കിന്റെ പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്.

ഭാരതീയ റിസർവ് ബാങ്ക് നേരത്തേ നൽകിയ ഡയറക്ഷനിൽ മാറ്റം വരുത്തിയത് ബാങ്കിന്റെ സാമ്പത്തിക നിലയുടെ തകർച്ചയോ മെച്ചപ്പെടലോ ആയി വ്യാഖ്യാനിക്കേണ്ടതില്ല. സാഹചര്യങ്ങൾക്കനുസരിച്ച് ഈ ഡയറക്ഷനിൽ മാറ്റം കൊണ്ടുവരുവാൻ ഭാരതീയ റിസർവ് ബാങ്ക് ശ്രദ്ധിക്കുന്നതായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന:**2016-2017/1898**